ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കൂപ്പുതിറക്കാരുടെ എണ്ണം ഓരോ കൊല്ലത്തിലും ചുരുക്കിച്ചുരുക്കി നിറുത്തൽ ചെയ്യണം. അതിനു ഓരോ കൊല്ലത്തിലും പെർമിറ്റ് കൊടുക്കുന്നതു ചുരുക്കിക്കൊണ്ടുവരാൻ ശ്രമിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതു ഡാക്ടറന്മാർ പറയാതെ എന്നെക്കൊണ്ടു പറയാൻ സാധിക്കുകയില്ല.

ബാക്ക്‌വേഡ് വിമൻസ് അസോസിയേഷൻ.

*1808 [23] ശ്രീ. ടി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽപ്പെട്ട വഴുതൂർ 115-ാം നമ്പർ ബാക്ക്‌വേഡ് വിമൻസ് അസോസിയേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗവണ്മെന്റിനു ലഭിച്ചിട്ടുള്ള പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) 1958-59-ലേക്ക് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിൽ നിന്നും അസോസിയേഷനു ലഭിക്കേണ്ട ഗ്രാന്റു തട്ടിയെടുക്കുന്നതിനുള്ള ചിലരുടെ ഗൂഢതന്ത്രങ്ങൾക്കെതിരായി വകുപ്പുമന്ത്രിക്കു നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) അതേപ്പറ്റി അന്വേഷണം നടത്തി. അന്വേഷണം നടത്തിയതിൽ പരാതികളും അടിസ്ഥാനരഹിതമാണെന്നുകണ്ടു. 1958-59-ലേക്ക് ഗ്രാന്റു കൊടുത്തു കഴിഞ്ഞു.

ശ്രീ. ടി. കുഞ്ഞൻ : ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചു പരാതികളെയെല്ലാം അടിസ്ഥാനരഹിതമാണെന്നു പറഞ്ഞു മന്ത്രി തള്ളിക്കളയുന്നതു ശരിയല്ല. അതിൽ ഒന്നോ രണ്ടോ എങ്കിലും മന്ത്രിതന്നെ ഒന്നു അന്വേഷിച്ചാൽ അറിയാവുന്നതാണു്. അങ്ങനെ ഒന്നന്വേഷിച്ചു് ഞങ്ങളെ അറിയിക്കാൻ മനസ്സുണ്ടാകുമോ ?

(ഉത്തരമില്ല)

ലീവു റിസർവു് ടീച്ചർമാരുടെ നിയമനം.

* 1809. [24] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ ജില്ലകളിലേക്കു വേണ്ട ലീവു് റിസർവു് ടീച്ചർമാരെ പബ്ലിക്കു് സർവ്വീസു് കമ്മീഷൻ 1958 ജനുവരിയിൽ ഇൻർവ്യൂ നടത്തിയിട്ടും അവർ തയാറാക്കിയ ലിസ്റ്റിൽനിന്നു് യാതൊരാളെയും ഇതുവരെയും നിയമിച്ചിട്ടില്ലെന്നു ഗവണ്മെന്റിനു വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെ സംബന്ധിച്ചു് വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ;

(സി) ഈ സംഗതി ശരിയാണെങ്കിൽ ഈ ലിസ്റ്റു് ക്യാൻസൽ ചെയ്യാതിരിക്കുവാനും പുതിയ സ്കൂൾവർഷത്തിൽ ഉണ്ടാവുന്ന ഒഴിവുകളിലേക്കു മേൽ ലിസ്റ്റിൽനിന്നും നിയമനം നടത്തുവാനും ആവശ്യമായ നടപടികളും സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സപ്ലീസ് കമ്മീഷൻ നിർദ്ദേശിക്കുന്നപക്ഷം ഈ വർഷം ഉണ്ടാകുന്ന ഴിവുകളിൽ അവരെ നിയമിക്കുന്നതാണ്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കഴിഞ്ഞ പ്രാവശ്യം പബ്ലിക്ക് സപ്ലീസ് കമ്മീഷൻ ഇൻറർവ്യൂ നടത്തിയിട്ടുള്ളതിൽ യാതൊരാളെയും പാലക്കാട്, കോഴിക്കോട്, കണ്ണൂർ ഈ ജില്ലകളിലേക്ക് നിയമിച്ചിട്ടില്ല. ആ പ്ലേസുകളിലേക്ക എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൽ നിന്നുമാണെടുത്തു നിയമിച്ചിട്ടുള്ളത്. ഇത്രയും വിഷമിച്ചിട്ടുള്ള അവക്ക ഒരു സഹകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന ഗവണ്മെൻറ് വേണ്ടതു ചെയ്യുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു പബ്ലിക്ക് സപ്ലീസ് കമ്മീഷൻ സ്വീകരിക്കുമോ എന്നറിഞ്ഞില്ല. സപ്ലീസ് കമ്മീഷൻ 240 ആളുകളെ നിർദ്ദേശിക്കുകയുണ്ടായി. അവരിൽനിന്നാണ നിയമനം നടത്തിയിരുന്നതു. അതിൽ ഉദ്ദേശിച്ച ആളുകളെ കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ അതിനു പകരം എംപ്ലോയിമെൻറിൽനിന്നും ആളുകളെ നിയമിച്ചിട്ടുണ്ടാകും. അതിലും അഡൈ്വസ് ചെയ്തിട്ടുള്ള ആളുകളെ നിയമിക്കും. ഇനിയും ലിസ്റ്റിൽ ബാക്കിയുള്ളവരെ നിയമിക്കുന്ന കാര്യം പബ്ലിക്ക് സപ്ലീസ് കമ്മീഷനുമായി ഡിസ്കസ് ചെയ്യാതെ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : 1958-59ൽ പബ്ലിക് സപ്ലീസ് കമ്മീഷൻ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ പിരിച്ചു വിടണം എന്ന നിർബന്ധമുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതിന ചില വ്യവസ്ഥകളുണ്ട്. കുറഞ്ഞതു ഇത്ര സപ്ലീസു വേണം എന്നുണ്ട്. പിന്നെ കൊല്ലംതോറും അവശ്യത്തിലധികം ആളുകൾ ഉണ്ടെന്നുകണ്ടാൽ അവരെ പിരിച്ചുവിടേണ്ടിവരും. പബ്ലിക് സപ്ലീസ് കമ്മീഷൻ നിയമിച്ചു എന്നുള്ളതുകൊണ്ടുമാത്രം അവരെ പിരിച്ചു വിടാതിരിക്കാൻ സാദ്ധ്യമല്ല. വേറെയും ചില വ്യവസ്ഥകൾ അതു സംബന്ധിച്ചുണ്ട്. അതനുസരിച്ചേ ചെയ്യാവൂ.

ലാർജ് സൈസ്ഡ് ക്രെഡിറ്റ് സൊസൈറ്റീസ്.

* 1810. [25] ശ്രീ. ആർ. ജനാർദ്ദനൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ എത്ര ലാർജ് സൈസ്ഡ് ക്രെഡിറ്റ് സൊസൈറ്റീസ് സ്ഥാപിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു;

(ബി) സ്ഥാപിതമായിട്ടുള്ളവയിൽ ഗവണ്മെൻറ് എത്ര എണ്ണത്തിൽ ഷെയർ എടുത്തിട്ടുണ്ട്; മൊത്തം എത്ര രൂപ ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു 300 ലാർജ് സ്കെയിൽ ക്രെഡിറ്റ് സൊസൈറ്റികൾ സ്ഥാപിക്കുന്നതിനുദ്ദേശിച്ചിട്ടുണ്ട്. അതിൽ 124 എണ്ണം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) മേല്പറഞ്ഞ 124 എണ്ണത്തിൽ ആറെണ്ണത്തിൽ ഇതുവരെ ഗവണ്മെൻറ് ഷെയർ എടുത്തിട്ടുണ്ട്.

ശ്രീ. ആർ. ജനാർദ്ദനൻനായർ: പദ്ധതിയിൽ ഉൾപ്പെടുത്തിയ എണ്ണത്തിൽ കവിഞ്ഞു രജിസ്റ്റർ ചെയ്യുകയാണെങ്കിൽ അതിലും ഗവണ്മെൻറ് നിശ്ചിത ഷെയർ എടുക്കുമോ, അതോ ആ തത്വത്തിൽതന്നെ മാറ്റം വരുത്തിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : തല്ക്കാലം ആ പോളിസിതന്നെ സസ്റ്റെൻറ് ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly